**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2626 12/03/2018-ൽ മറുപടിയ്ക്ക്

**വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് 'ശ്രദ്ധ' പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| **പ്രൊഫ. കെ.യു.അരുണൻ**<br>**ശ്രീ.ജോർജ്ജ് എം. തോമസ്**<br>**,, ഒ. ആർ.കേളു**<br>**,, എ. പ്രദീപ്കുമാർ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പല കാരണങ്ങളാൽ പഠനത്തിൽ മികവു പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് 'ശ്രദ്ധ' പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (ബി) മൂന്ന്, അഞ്ച്, എട്ട് ക്ലാസ്സുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെയാണ് 'ശ്രദ്ധ' പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതിയ്ക്കായി അദ്ധ്യാപകരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) ഉണ്ട്. പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് കൈത്താങ്ങ് നൽകുന്ന 'ശ്രദ്ധ' പദ്ധതിക്കായി പ്രത്യേക പ്രവർത്തന പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. അടിസ്ഥാന ശേഷികൾ വളർത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ക്ലാസ്സിൽ നടപ്പിലാക്കുന്നത്. ഇതിന് നേതൃത്വം നൽകുന്ന അദ്ധ്യാപകർക്ക് പരിശീലന മൊഡ്യൂൾ ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ഡി) 'ശ്രദ്ധ'യുടെ ഭാഗമായി ഗണിതശാസ്ത്രത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി പ്രവർത്തന ഗണിതശാസ്ത്രം എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ? | (ഡി) ഉണ്ട്. ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട അടിസ്ഥാന ശേഷികൾ വികസിപ്പിക്കുന്നതിനുള്ള മൊഡ്യൂൾ 'ശ്രദ്ധ'യുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ